# തൗഹീദ്: രക്ഷയുടെ കാതൽ

[ Malayalam]

# التوحيد خير وقاية

[ باللغة مليالم ]


സുഫ്‌യാൻ അബ്ദുസ്സലാം

سفيان عبدالسلام

എഡിറ്റർ: സയ്യിദ് സഅ്ഫർ സ്വാദിഖ്

مراجعة: سيد سعفر صادق



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-المملكة العربية السعودية

islamhouse.com

1429 – 2008

# തൗഹീദ്: രക്ഷയുടെ കാതൽ

മനുഷ്യരാശി അതിന്റെ പ്രായാണം ആരംഭിച്ചിട്ട്
അനേകായിരം വർഷങ്ങളായി. ജീവിതത്തിന്റെ ലക്ഷ്യ
ത്തെക്കുറിച്ച ചർച്ചകൾ അന്നുതൊട്ടു തുടങ്ങിയതാണ്.
ഈ ജീവിതം നിരർത്ഥകമല്ലെന്നും അത് കൃത്യമായ
ലക്ഷ്യങ്ങളിലധിഷ്ഠിതാണെന്നും വിശുദ്ധ ഖുർആൻ
അടക്കമുള്ള മുഴുവൻ വേദഗ്രന്ഥങ്ങളും പഠിപ്പിക്കു
ന്നു. ഖുർആൻ ചോദിക്കുന്നത് ഇപ്രകാരമാണ്.

أفَـحـسِـبتم أنما خـلقْنكُم عبثًا وأنكُم إلَينا لاَ ترجعونَ

"നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും നമ്മുടെ
അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങ
ൾ കരുതിയിരിക്കുകയാണോ?"

(ഖുർആൻ – 23 : 115).

മനുഷ്യൻ അല്ലാഹുവിലേക്ക് മടക്കപ്പെടുമെന്ന് വ്യ
ക്തമാക്കുന്ന ഖുർആൻ ആ മടക്കം മനുഷ്യന് സമ്മാ
നിക്കുന്ന യാഥാർത്ഥ്യങ്ങളിലേക്കും വിരൽചൂണ്ടുന്നുണ്ട്.

واتقُوا يومًا ترجعونَ ِفيِهِ إلَى اللهِ ثُم توفى كُل نفْسٍ ما كَسبت وهم لا يظْلمونَ

"നിങ്ങൾ അല്ലാഹുവിലേക്ക് മടക്കപ്പെടുന്ന ദിവസത്തെ
സൂക്ഷിക്കുക. പിന്നീട് ഓരോരുത്തർക്കും അവരവർ
പ്രവർത്തിച്ചതിന്റെ ഫലം പൂർണ്ണമായി നൽകപ്പെടുന്ന
താണ്. അവരോട് ഒട്ടും അനീതി കാണിക്കപ്പെടുക
യില്ല." (ഖുർആൻ – 2 : 281)

അർത്ഥപൂർണ്ണമായ ഈ ജീവിതത്തിൽ ഖുർആൻ വിവരിക്കുന്ന ലക്ഷ്യം കൈവരിക്കാൻ മനുഷ്യൻ എന്താണ് നിർവ്വഹിക്കേണ്ടത്? അല്ലാഹു പറയുന്നു.

وما خلقْتُ الْجِنّ والإنس إلا لِيعْبدون

“ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയ ല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല”
(ഖുർആൻ – 51 : 56)

ഈ ലക്ഷ്യം പഠിപ്പിക്കാനാണ് മുഴുവൻ പ്രവാചകൻമാരെയും ഭൂമിയിലേക്ക് അല്ലാഹു അയച്ചത്. لا إله إلا الله അഥവാ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല എന്ന വചനത്തിന്റെ അധ്യാപനവും പ്രചാരണവുമായിരുന്നു പ്രവചാകനിയോഗത്തിന്റെ അടിസ്ഥാന ലക്ഷ്യം.

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന ആശയത്തിനാണ് ഇസ്ലാമിന്റെ സാങ്കേതികമായ ഭാഷയിൽ തൗഹീദ് എന്ന് വിളിക്കപ്പെടുന്നത്. ഏക ദൈവത്തിലുള്ള പൂർണമായ വിശ്വാസവും ആരാധനയും എന്ന മലയാളത്തിൽ അതിനെ വിശേഷിപ്പിക്കാം. അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഈ അടിസ്ഥാനാശയത്തിൽ നിന്നുള്ള വ്യതിചലനം ബഹുദൈവ വിശ്വാസവും ബഹുദൈവ ആരാധനയുമായിത്തീരുന്നു. അറബിയിൽ അതിനെ ‘ശിർക്ക്’ എന്നാണ് വിളിക്കപ്പെടുന്നത്. ശിർക്ക് ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണ്.

إن الله لا يغفِر أنْ يشرك ِبِهِ ويغفِر ما دونَ ذَلِك ِلمن يشاء

“തന്നോട് പങ്ക് ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്” (ഖുർആൻ – 4 : 48)

മനുഷ്യന്റെ നന്മകൾ അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുന്നതിന്റെ മാനദണ്ഡം തൗഹീദാണ്. തൗഹീദിനു വിരുദ്ധമായ വിശ്വാസവും പ്രവർത്തനവും ജീവിതത്തിൽ സ്വീകരിച്ച ഏതൊരു വ്യക്തിയുടെയും മറ്റു നന്മകൾ ജലരേഖയായി മാറുമെന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ

"തീർച്ചയായും നിനക്കും നിനക്ക് മുമ്പുള്ളവർക്കും സന്ദേശം നൽക പ്പെട്ടിട്ടുള്ളത് ഇതത്രെ. അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിശ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും." (ഖുർആൻ–39 : 65).

മനുഷ്യൻ നിർവ്വഹിക്കുന്ന നമസ്കാരം, നോമ്പ്, ദാനധർമ്മങ്ങൾ, ഹജ്ജ് തുടങ്ങിയ സൽക്കർമ്മങ്ങൾ ശിർക്കുപരമായ വിശ്വാസങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിനഷ്ടമായിത്തീരുമെന്നാണ് ഉപരി സൂചിത വചനം വ്യക്തമായി ചൂണ്ടിക്കാണിക്കുന്നത്. മരണപ്പെടുന്നതിന് മുമ്പ് തൗഹീദ് പ്രഖ്യാപിച്ച ഏതൊരാളും സ്വർഗ്ഗപ്രവേശനത്തിനർഹനാകുമെന്ന് മുഹമ്മദ് നബി (സ) പ്രസ്താവിച്ചതായി കാണാം.

من كانَ آخِر كلامه لا إله إلا الله دخلَ الْجنةَ

"ഏതൊരുവന്റെ അവസാന വചനം 'ലാഇലാഹ ഇല്ലല്ലാഹു' ആകുന്നുവോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും" (അബൂദാവൂദ്, ഹാകിം, അഹ്മദ്)

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന കാര്യത്തിലാണ് എക്കാലവും മനുഷ്യർ കൂടുതലും ദുഷിച്ച് പോയത്. അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ മാഹാത്മ്യത്തിലും വിശ്വാസമുള്ളതോടൊപ്പം തന്നെ അന്ധവിശ്വാസങ്ങളുടെ നൂലാമാലകളിൽ അകപ്പെട്ട്

അല്ലാഹുവല്ലാത്തവർക്കും ദിവ്യത്വം കൽപ്പിക്കുകയും അല്ലാഹുവല്ലാത്തവരെ ആരാധിക്കുകയും ചെയ്യുന്ന സമ്പ്രദായം പണ്ടു മുതലേ മനുഷ്യസമൂഹത്തിൽ കാണപ്പെട്ടുവന്നിട്ടുള്ള കാര്യമാണ്. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

وما يؤمن أكثرهم بالله إلا وهم مشركون

“അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് മറ്റുള്ളവരെ പങ്ക് ചേർക്കുന്നവരായി ക്കൊണ്ട് മാത്രമാണ്.” (ഖുർആൻ–12 : 106).

ആകാശഭൂമികളുടെ സൃഷ്ടിപ്പിലും സംരക്ഷണത്തിലും അവയുടെ ആധിപത്യത്തിലും തങ്ങളുടെ ആരാധ്യർക്ക് യാതൊരു പങ്കുമില്ലെന്ന് വിശ്വസിക്കുന്നവരാണ് ബഹുദൈവവിശ്വാസികളിൽ ഭൂരിഭാഗവും. പ്രവാചകന്മാർ നിയോഗിക്കപ്പെട്ട സമൂഹങ്ങളിലുണ്ടായിരുന്ന മുശ്രിക്കുകളുടെ വിശ്വാസത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്ന ഭാഗങ്ങളിലെല്ലാം അവർക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടായിരുന്നതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. പക്ഷെ ആ വിശ്വാസം അവരെ നരകശിക്ഷയിൽ നിന്നും സംരക്ഷിക്കുവാൻ പര്യാപ്തമല്ല.

സകലചരാചരങ്ങളുടെയും സൃഷ്ടാവും പരിപാലകനും സംഹാരകനുമായ ഏകനായ അല്ലാഹു പരമകാരുണികനും കരുണാവാരിധിയുമാണ്. മനുഷ്യന്റെ വികാരവിചാരങ്ങളറിയുന്നവൻ മനുഷ്യനോട് അങ്ങേയറ്റം കാരുണ്യവും ദയയുമുള്ളവനാണ്. മനുഷ്യന്റെ ജീവനാഡിയേക്കാൾ മനുഷ്യനോട് ഞാൻ അടുത്തവനാണെന്ന് അല്ലാഹു പറയുമ്പോൾ അല്ലാഹുവിന്റെ ജഢമല്ല, മറിച്ച് അല്ലാഹുവിന്റെ കാരുണ്യം,ദയ,അറിവ്, കാഴ്ച,കേൾവി തുടങ്ങിയ അല്ലാഹുവിൻെ പ്രത്യേകമായ ഗുണവിശേഷണങ്ങൾക്ക് മനുഷ്യനോടുള്ള സാമീപ്യത്തെക്കുറിച്ചാണ് അവിടെ വ്യക്തമാക്കുന്നത്. മനുഷ്യരോട് ഈ നിലക്ക് സമീപസ്ഥനായ അല്ലാഹുവിനെ കുറിച്ച തെറ്റായ സങ്കൽപ്പങ്ങളാണ് അല്ലാഹുവിൽ ശരണം തേടുന്നതിനു പകരം അല്ലാഹു വല്ലാത്തവരിലേ

ക്ക് തിരിയാൻ മനുഷ്യനെ പ്രേരിപ്പിച്ചത്. എന്നാൽ അല്ലാഹു പറയുന്നതിപ്രകാരമാണ്.

وإذَا سألك عِبادِي عني فَإني قَرِيبٌ أجِيب دعوةَ الداع إذَا دعاِني

"നിന്നോട് എന്റെ ദാസൻമാർ എന്നെകുറിച്ച് ചോദിച്ചാൽ, ഞാൻ അവർക്ക് ഏറ്റവും അടുത്തുള്ളവനാകുന്നു. പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്."

(ഖുർആൻ– 2 : 186).

وقَالَ ربكُم ادعوني أستجِب لَكُم

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം."

(ഖുർആൻ – 40 : 60).

മനുഷ്യൻ തന്റെ സൃഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനോട് നേരിട്ടു പ്രാർത്ഥിക്കുകയാണ് വേണ്ടത്. മനുഷ്യനും അല്ലാഹുവിനുമിടയിൽ ഇടയാളന്മാരുടെ ആവശ്യമില്ല. അല്ലാഹുവിലേക്കടുക്കുവാൻ മലക്കുകളുടെയോ, പ്രവാചകന്മാരുടെയോ മഹാത്മാക്കളുടെയോ ഇടനിലയുടെയും ആവശ്യമില്ല.

അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥനക്ക് മനുഷ്യർ പല ന്യായങ്ങളും ഉന്നയിക്കാറുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ന്യായം അല്ലാഹുവല്ലാത്തവരോട് സഹായം തേടുന്ന ഞങ്ങൾ ആരാധനയിൽ അല്ലാഹുവിൽ പങ്ക് ചേർക്കുന്നില്ല എന്നതാണ്. യഥാർത്ഥത്തിൽ ആരാധനയുടെ യഥാർത്ഥ പൊരുളറിയാത്തതു കൊണ്ടാണ് ഈ ന്യായം പറയുന്നത്. ഒരു കർമ്മം വെറുതെ ആരാധനയാവുന്നില്ല. മറിച്ച് അതിൽ പ്രാർത്ഥന (അഭൗതികമായ നിലയിലുള്ള തേട്ടം) അടങ്ങുമ്പോഴാണ് അത് ആരാധനയാകുന്നത്. ബഹുദൈവാരാധകർ തങ്ങളുടെ പ്രവർത്തനങ്ങളെ ന്യായീകരിക്കാൻ വേണ്ടി പറയുന്ന ന്യായമായി ഖുർആൻ എടുത്തുദ്ധരിക്കുന്നതും ഇപ്രകാരമാണ്.

**مـَا نعبدهم إلا لِيقربونا إلَى اللهِ زلفَى**

അല്ലാഹുവിലേക്ക് അടുക്കുക എന്ന ലക്ഷ്യത്തോടെയായാലും അല്ലാ ഹുവല്ലാത്തവരോടുള്ള സഹായാർത്ഥന അവർക്കുള്ള ആരാധനതന്നെയാകുന്നു എന്നാണ് ഖുർആൻ (39:3) ഇവിടെ ചൂണ്ടി ക്കാണിക്കുന്നത്. മുഹമ്മദ് നബി(സ) ഇപ്രകാരം അരുളി. الدعاء هو العبادة പ്രാർത്ഥന തന്നെയാണ് ആരാധന.(തിർമദി). നൂഹ് നബി(അ)യുടെ കാലത്ത് അല്ലാഹുവിന് പുറമെ പ്രാർത്ഥിക്കപ്പെട്ടിരുന്നത് കേവലം ബിംബങ്ങളായിരുന്നില്ല. വദ്ദ്, സുവാഅ്, യഊഥ്, യഊഖ്, നസ്ര്് തുടങ്ങിയ പേരുകൾ മരിച്ചുപോയ മഹാത്മാക്കളുടേതായിരുന്നു.

മക്കയിൽ മുഹമ്മദ് നബി(സ)യുടെ ജനത പ്രാർത്ഥിച്ചിരുന്ന ലാത്തയും സൽപുരുഷനായിരുന്നു. ലാത്തയോടുള്ള ആരാധനയെ ഖുർആൻ അതിനിശിതമായി എതിർത്തതായി നമുക്ക് കാണാം. പ്രാർത്ഥിക്കപ്പെടുന്നത് മഹാനാണോ അല്ലേ എന്നത് പ്രാർത്ഥന എന്ന പ്രവൃത്തിക്കുള്ള ന്യായീകരണമല്ല. അത് അല്ലാഹുവോടാണോ അല്ലേ എന്നതാണ് വിഷയത്തിന്റെ കാതൽ. അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥനയെ മുഴുവൻ ഖുർആൻ ഖണ്ഡിച്ചിട്ടുണ്ട്.

**وأن الْمساجِد لِلهِ فَلا تدعوا مع اللهِ أحدًا**

“ആരാധനാലയങ്ങൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്. (ഖുർആൻ 72:18). ആരെയും വിളിച്ചു പ്രാർത്ഥിക്കരുത് എന്ന നിരോധനത്തിൽ അല്ലാഹുവല്ലാത്ത മുഴുവനും ഉൾപ്പെടുന്നു. അതിൽ മലക്കെന്നോ പ്രവാചകനെന്നോ സൽപുരുഷനെന്നോ വ്യത്യാസമില്ല.

ശിർക്കുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളിൽ അധികവും ശവകുടീരങ്ങളുമായി ബന്ധപ്പെട്ടതാണ്. ഖബറുകളിൽ കഴിയുന്ന മഹാന്മാർ തങ്ങളുടെ ആഗ്രഹങ്ങൾ സഫലീകരിച്ചു തരുമെന്ന് വിശ്വസിക്കുകയും

അതിനു വേണ്ടി ഖബറുകൾ കെട്ടി ഉയർത്തി ജാറങ്ങളുണ്ടാക്കുകയും അവിടെ പ്രാർത്ഥന നടത്തുകയും മഹാന്മാരെ വന്ദിക്കുന്നതിനായി ജാറം മൂടുകയും ചെയ്തു കൊണ്ട് നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ വലിയ ശിർക്കാണ്. ഖബർ സന്ദർശനം പുണ്യമാണെന്നതിൽ തർക്കമില്ല. പരലോകം ഓർമ്മിക്കപ്പെടാൻ അത് ഉപകരിക്കുമെന്നാണ് നബി(സ) പഠിപ്പിച്ചത്. (സ്വഹീഹ് അൽ-ജാമിഉസ്സഗീർ 4584, മുസ്തദ്റക്-ഹാകിം, മുസ്നദ്-ഇമാം അഹ്മദ്) പ്രസ്തുത ലക്ഷ്യത്തോടു കൂടിയല്ലാതെ ഖബറുകൾ സന്ദർശിക്കുന്നതിൽ മാതൃകയില്ല. കെട്ടി ഉയർത്തിയ ഖബറുകൾ തട്ടി നിരപ്പാക്കാൻ നബി(സ) കൽപ്പിച്ചതായും (മുസ്‌ലിം - 3/61, അബൂദാവൂദ് - 3/70, അന്നസാഈ 1/285) ഖബറുകൾ കുമ്മായമടിക്കുന്നതും അവിടെ വിളക്ക് വെക്കുന്നതും എഴുതുന്നതും അതിന്മേൽ ഇരിക്കുന്നതുമെല്ലാം നബി(സ) നിഷിദ്ധമാക്കിയതായും സ്വഹീഹായ ഹദീസുകളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. (മുസ്‌ലിം - 970) മരിച്ചുപോയ മഹാത്മാക്കളുടെ ഹഖ്, ജാഹ്, ബർക്കത്ത് തുടങ്ങിയവയെ തവസുലാക്കിക്കൊണ്ടുള്ള പ്രാർത്ഥന പുത്തനാചാരമാണ്. ഓരോരുത്തരുടെയുംസൽപ്രവർത്തനങ്ങൾ കൊണ്ട് തവസുലാക്കാനാണ് ഖുർആൻ വിശ്വാസികളെ ഉൽബോധിപ്പിച്ചത്.

തൗഹീദ് മൂന്ന് വിധമാണ്. തൗഹീദുൽ റുബൂബിയ്യ (രക്ഷാകർതൃത്വത്തിലുള്ള ഏകത്വം), തൗഹീദുൽ ഉലൂഹിയ്യ (ആരാധനയിലെ ഏകത്വം), തൗഹീദുൽ അസ്മാഉ വസ്വിഫാത്ത് (നാമവിശേഷണങ്ങളിലെ ഏകത്വം) എന്നിവയാണവ. സൃഷ്ടി, പരിപാലനം, സംഹാരം തുടങ്ങിയ രക്ഷാകർതൃത്വവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അല്ലാഹുവിനെ ഏകനാക്കുക എന്നതാണ് ഒന്നാമത്തെ ഇനം. ലോകത്ത് ബഹുദൈവാരാധകരടക്കം എല്ലാവരും അംഗീകരിക്കുന്ന കാര്യമാണിത്. പുണ്യം ആഗ്രഹിച്ചുകൊണ്ട് മനുഷ്യർ ചെയ്യുന്ന പ്രവർത്തനങ്ങൾ അഥവാ ഇബാദത്തുകൾ മുഴുവനും ഏകനായ അല്ലാഹുവിന് മാത്രമായിരിക്കുക എന്നതാണ് രണ്ടാമത്തെ ഇനമായ ഉലൂഹിയ. നമസ്കാരം, ബലി,

പ്രാർത്ഥന, നേർച്ച, അഭയം തേടൽ, അഭൗതികമായ നിലക്കുള്ള സഹായാർത്ഥന തുടങ്ങിയവയൊക്കെ ഈ ഗണത്തിൽപെടുന്നു.അദൃശ്യകാര്യങ്ങളറിയൽ,അല്ലാഹുവിന്റെ കാഴ്ച, അവന്റെ അറിവ്, കേൾവി, അവന്റെ മുഖം തുടങ്ങിയ അവന്റെ ഔന്നത്യത്തിന് യോജിക്കുന്ന തരത്തിലുള്ള ഗുണവിശേഷണങ്ങളും അവന്റെ അത്യുന്നത നാമങ്ങളും മൂന്നാമത്തെ ഗണത്തിൽ പെടുന്നു. അവയെ വ്യാഖ്യാനിക്കുവാനോ (തഅ്‌വീൽ), അർത്ഥം മാറ്റാനോ (തഹ്‌രീഫ്), നിഷേധിക്കുവാനോ (തഅ്ത്വീൽ), സദൃശ പ്പെടുത്തുവാനോ (തശ്ബീഹ്), രൂപം കൽപ്പിക്കുവാനോ (തക്‌യീഫ്) പാടില്ലാത്തതാകുന്നു. **ليس كمثله شيء** അവനെപ്പോലെ മറ്റൊന്നില്ല എന്നാണ് ഖുർആൻ (42:11) പഠിപ്പിക്കുന്നത്.

സഹോദരന്മാരെ, സഹോദരിമാരെ, നമ്മുടെ വിശ്വാസവും തദനുസൃതമായ പ്രവർത്തനങ്ങളുമാണ് അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുന്നത്. മായം കലരാത്ത തൗഹീദീ വിശ്വാസത്തിന്റെ വക്താക്കളായി യഥാർത്ഥ മുത്തഖികളായി മരണപ്പെടുവാൻ നാം പരിശ്രമിക്കുക, പ്രവർത്തിക്കുക, അല്ലാഹുവിനോട് പ്രാർത്ഥിക്കുക. അല്ലാഹുവേ, നിന്റെ തൗഹീദിൽ അടിയുറച്ച് അന്ത്യം വരെ അതിന്റെ വക്താക്കളായി ജീവിക്കുവാനും പരലോകത്ത് നിന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന മഹാഭാഗ്യശാലികളിൽ അകപ്പെടാനും നീ ഞങ്ങൾക്ക് തൗഫീഖ് പ്രദാനം ചെയ്യേണമേ. ആമീൻ.

**وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين**

****************

തയ്യാറാക്കിയത്: സുഫ്‌യാൻ അബ്ദുസ്സലാം

islamhouse.com